**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് – ബാക്ക് വേർഡ് റീജിയൻ ഗ്രാന്റ് ഫണ്ട് (BRGF) – പാലക്കാട്, വയനാട് എന്നീ ജില്ലകൾക്കായി 5 കോടി രൂപ അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

## തദ്ദേശസ്വയംഭരണ (എഫ്.എം) വകുപ്പ്

സ.ഉ.(സാധാ.) നം. 236/2017/ത.സ്വ.ഭ.വ. തിരുവനന്തപുരം, തീയതി: 23/01/2017

പരാമർശം:- 1. 17/10/2016 ൽ ചേർന്ന വർക്കിംഗ് ഗ്രൂപ്പ് യോഗത്തിന്റെ നടപടിക്കുറിപ്പ്.

2. ഗ്രാമവികസന കമ്മീഷണറുടെ 14/12/2016 ലെ 5820/ഡി.പി.4/16/സി.ആർ.ഡി. നമ്പർ കത്ത്.

**ഉത്തരവ്**

കേന്ദ്രാവിഷ്കൃത പദ്ധതിയായ ബാക്ക് വേർഡ് റീജിയൻ ഗ്രാന്റ് ഫണ്ട് പദ്ധതിക്കുള്ള ധനസഹായം കേന്ദ്ര സർക്കാർ നിർത്തലാക്കിയതിനാൽ 2016-17 വർഷത്തെ ബഡ്ജറ്റിൽ ടി പദ്ധതിക്കായി 5 കോടി രൂപ സംസ്ഥാന സർക്കാർ വകയിരുത്തിയിരുന്നു. പദ്ധതിയുടെ തുടർ പ്രവർത്തനങ്ങൾക്കായി ഗ്രാമ വികസന കമ്മീഷണർ സമർപ്പിച്ച പ്രൊപ്പോസൽ 17/10/2016 ൽ ചേർന്ന വർക്കിംഗ് ഗ്രൂപ്പ് യോഗം അംഗീകരിച്ചിട്ടുണ്ട്. വർക്കിംഗ് ഗ്രൂപ്പ് യോഗ തീരുമാനത്തിന്റെയടിസ്ഥാനത്തിൽ BRGF പദ്ധതി നടപ്പാക്കുന്ന പാലക്കാട്, വയനാട് എന്നീ ജില്ലകൾക്കായി 5 കോടി രൂപ യഥാക്രമം 4:1 എന്ന അനുപാതത്തിൽ ചെലവഴിക്കുന്നതിനായി അനുമതി നൽകി ഉത്തരവാകുന്നു.

ടി തുക 3451-00-101-58-പ്ലാൻ എന്ന ശീർഷകത്തിൽ നിന്നും വഹിക്കേണ്ടതും ഗ്രാമവികസന കമ്മീഷണർ ധനവിനിയോഗ സർട്ടിഫിക്കറ്റ് സർക്കാരിന് സമർപ്പിക്കേണ്ടതുമാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,)
വി. കെ. ബേബി. ഐ.എ.എസ്
സ്പെഷ്യൽ സെക്രട്ടറി

ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
ജില്ലാ കളക്ടർ , പാലക്കാട്
ജില്ലാ കളക്ടർ, വയനാട്
അക്കൗണ്ടന്റ് ജനറൽ (A&E), (Audit)(LBA & A) കേരള തിരുവനന്തപുരം
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം,
ധനകാര്യ വകുപ്പ്
തദ്ദേശ സ്വയംഭരണ (എഫ്.എം.2) വകുപ്പ്
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനു വേണ്ടി)
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻപ്രകാരം,

Liya

സെക്ഷൻ ഓഫീസർ